## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശ "2216-80-800-89(NP) ശീർഷകത്തിലുള്ള തുക മാറിനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.2984/13/തസ്വഭവ തിരുവനന്തപുരം, തീയതി: 04.12.2013.

=========================================================

പരാമർശം:- 1) 07/11/2009-ലെ സ.ഉ(എം.എസ്)നം207/09/തസ്വഭവ.

2) 05.03.2013-ലെ സ.ഉ (സാധാ)നം. 566/13/തസ്വഭവ.

3) 26.03.2013-ലെ സ.ഉ (സാധാ)നം.806/13/തസ്വഭവ.

4) സഹകരണ സംഘം രജിസ്ട്രാറുടെ 18.06.2013-ലെ സി.ബി.(1) 26778/13 നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 01.08.2013-ലെ ജെ.2-35445/10 നമ്പർ കത്ത്.

6) നഗരകാര്യ ഡയറക്ടറുടെ 05.09.2013-ലെ ഡി.സി.4-2899/10 നമ്പർ കത്ത്.

7) ഗ്രാമവികസന കമ്മീഷണറുടെ 11.09.2013-ലെ 23688/ജെ.ആർ.വൈ1/13/ സി.ആർ.ഡി. നമ്പർ കത്ത്.

## ഉത്തരവ്

ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800(NP)" ശീർഷകത്തിലുള്ള 40,00,00,000/- (നാൽപ്പത് കോടി) രൂപ ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, നഗരസഭ/കോർപ്പറേഷനുകൾക്കും താഴെപ്പറയും പ്രകാരം മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഗ്രാമപഞ്ചായത്ത് തലത്തിലെ പലിശയിനത്തിൽ 30.09.2012 വരെ ബാദ്ധ്യതയായ 32,28,74,347/- (മുപ്പത്തി രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി നാൽപ്പത്തിയേഴ്) രൂപ പലിശയിനത്തിൽ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

2) ബ്ളോക്ക് പഞ്ചായത്തുകൾക്ക് 31.03.2013 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 1,89,61,805/- (ഒരു കോടി എൺപത്തൊൻപത് ലക്ഷത്തി അറുപത്തൊന്നായിരത്തി എണ്ണൂറ്റി അഞ്ച്) രൂപയും, നഗരസഭകളിലും കോർപ്പറേഷനുകളിലും 31.12.2012 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 5,18,97,240/- (അഞ്ച് കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുനൂറ്റി നാൽപ്പത്) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

3) ജില്ലാ പഞ്ചായത്ത് തലത്തിൽ പലിശയിനത്തിൽ 31.03.2013 വരെ ബാദ്ധ്യതയായ 2,20,80,756/- (രണ്ട് കോടി ഇരുപത് ലക്ഷത്തി എൺപതിനായിരത്തി എഴുനൂറ്റി അമ്പത്തി ആറ്) രൂപയിൽ മുകളിൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ചു കഴിഞ്ഞാൽ മേൽ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാക്കിയാകുന്ന 62,66,608/- (അറുപത്തിരണ്ട് ലക്ഷത്തി അറുപത്താറായിരത്തി അറുനൂറ്റി എട്ട്) രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതല പ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സി. വൽസല**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (05.11.2013-ലെ 80207/ഡെവ.2/13/ധന അനൗ. ഫയൽ പ്രകാരം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ